IT @ School
DEPARTMENT OF GENERAL EDUCATION
GOVERNMENT OF KERALA

**IT@SCHOOL STATE PROJECT OFFICE**
(IT Project under Directorate of Public Instruction)

VICTERS
(The complete educational channel)
POOJAPPURA. P.O., THIRUVANANTHAPURAM - 12
Ph: 0471-2529800 Fax: 0471-2529810
E-mail: contact@itschool.gov.in, victers@itschool.gov.in
Website: www.itschool.gov.in, www.victers.itschool.gov.in

നം.ITS/2017/1515 (3) തീയതി : 24.01.2017

## സർക്കുലർ

വിഷയം :- **ഐടി@സ്കൂൾ പ്രോജക്ട് - ഹൈടെക് സ്കൂൾ പദ്ധതി - പൈലറ്റ് പ്രവർത്തനങ്ങൾ നടത്തുന്ന മണ്ഡലങ്ങളിൽ ഐ. ടി. ഓഡിറ്റ് നടത്തുന്ന തിനുള്ള നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

വായന :- 1. സ. ഉ. (സാധാ) നം. 3390/16 പൊ. വി. വ. തീയതി 14.10.2016

2. ഐ.ടി.@സ്കൂൾ എക്സി. ഡയറക്ടറുടെ 17.10.2016 ലെ ITS/2016/10/1515(18) നമ്പർ സർക്കുലർ

സർക്കാർ, എയിഡഡ് സ്കൂളുകളിലെ 8 മുതൽ 12 വരെയുള്ള എല്ലാ ക്ലാസ്സ്മുറികളും ഹൈടെക് ആക്കുന്നതിന്റെ ഭാഗമായി ആലപ്പുഴ, പുതുക്കാട്, കോഴിക്കോട് നോർത്ത്, തളിപ്പറമ്പ് എന്നീ അസംബ്ലി നിയോജകമണ്ഡലങ്ങളിലെ സ്കൂളുകളിൽ പൈലറ്റ് പദ്ധതി നടപ്പിലാക്കി വരുകയാണ്. പദ്ധതിയുടെ ഭാഗമായി സ്കൂളുകൾക്ക് നൽകുന്ന ഉപകരണങ്ങൾ കൃത്യമായി സൂക്ഷിക്കുന്നതിന് അതത് സ്കൂളുകൾ തന്നെ ആവശ്യമായ സൗകര്യങ്ങൾ ഒരുക്കണമെന്ന് വായന പ്രകാരമുള്ള സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ വായന 2 പ്രകാരമുള്ള നിർദ്ദേശങ്ങളനുസരിച്ച് സ്കൂളുകളിലെ ഐസിടി ഉപകരണങ്ങളുടെയും ക്ലാസ്സ്മുറികളുടെയും വിവരശേഖരണം നടത്തിയിരുന്നു. ഐടി@സ്കൂളിലെ മാസ്റ്റർ ട്രെയിനർമാർ ഓരോ സ്കൂളും സന്ദർശിച്ച് നിജസ്ഥിതി വിലയിരു ത്തിയശേഷമായിരിക്കും സ്കൂളുകൾക്ക് ഉപകരണങ്ങൾ ലഭ്യമാക്കുന്നതെന്നും വായന 2 പ്രകാരം നിർദ്ദേശി ച്ചിട്ടുണ്ട്. പൈലറ്റ് പദ്ധതി നടപ്പിലാക്കുന്ന മണ്ഡലങ്ങളിൽ ഐ.ടി. ഓഡിറ്റ് നടത്തുന്നതു സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

- വായന പ്രകാരമുള്ള സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിരിക്കുന്ന തരത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ഓരോ സ്കൂളും നടപ്പിലാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

- ഐ.ടി. ഓഡിറ്റ് സംബന്ധമായ സ്കൂൾ സന്ദർശനം 2017 ജനുവരി 31 നമുമ്പ് പൂർത്തിയാക്കേണ്ടതാണ്.

- സ്കൂൾ സന്ദർശനം സംബന്ധിച്ച വിശദാംശങ്ങൾ (സന്ദർശന ദിവസവും സമയവും ഉൾപ്പടെ) മുൻകൂട്ടി സ്കൂളുകളെ അറിയിക്കേണ്ടതും സ്കൂൾ പ്രഥമാദ്ധ്യാപകർ, എച്ച്.ഐ.ടി.സി, എസ്.ഐ.ടി.സി എന്നിവരുടെ സേവനം സന്ദർശനദിവസം സ്കൂളിൽ ഉറപ്പുവരുത്തേണ്ടതുമാണ്.

- വായന 2 പ്രകാരം നടത്തിയ വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ ക്ലാസ് മുറികളും കമ്പ്യൂട്ടർ ലാബുകളും സജ്ജമാക്കിയിട്ടുണ്ടെന്ന് സ്കൂൾ സന്ദർശനത്തിൽ ഉറപ്പുവരുത്തേണ്ടതാണ്.

- സ്കൂളുകളിലെ ഉപകരണങ്ങളുടെ നിജസ്ഥിതിയും സ്റ്റോക്ക് രജിസ്റ്ററും ഐ.ടി. ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ടവർ പരിശോധിച്ച് കൃത്യത ഉറപ്പുവരുത്തേണ്ടതാണ്.

- സ്കൂൾ സന്ദർശന റിപ്പോർട്ട് വായന 2 പ്രകാരം നടത്തിയ വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കി പ്രഥമാധ്യാപകന്റെ സാക്ഷ്യപ്പെടുത്തൽ സഹിതം ജില്ലാകോർഡിനേറ്റർക്ക് സമർപ്പിക്കേണ്ടതാണ്.

- മണ്ഡലത്തിൽ പദ്ധതി നടപ്പിലാക്കുന്ന എല്ലാ സ്കൂളുകളിലേയും ക്രോഡീകരിച്ച റിപ്പോർട്ട് 2017 ഫെബ്രുവരി 1 ന് ഐടി@സ്കൂളിൽ സമർപ്പിക്കേണ്ടതാണ്.

എക്സിക്യൂട്ടീവ് ഡയറക്ടർ

1. എല്ലാ ജില്ലാ കോർഡിനേറ്റർ/മാസ്റ്റർ ട്രെയിനർ കോർഡിനേറ്റർ/മാസ്റ്റർ ട്രെയിനർമാർക്കും
2. പൈലറ്റ് പദ്ധതി നടപ്പാക്കുന്ന ജില്ലകളിലെ എല്ലാ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ/ ഹയർസെക്കന്ററി/വൊക്കേഷണൽ ഹയർസെക്കന്ററി പ്രഥമാധ്യാപകർക്കും (ഐടി @ സ്കൂൾ ജില്ലാ-കോർഡിനേറ്റർ മുഖേന)

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ഹയർസെക്കന്ററി വിദ്യാഭ്യാസം, തിരുവനന്തപുരം
ഡയറക്ടർ, വൊക്കേഷണൽ ഹയർസെക്കന്ററി വിദ്യാഭ്യാസം
} ആമുഖക്കത്ത് സഹിതം